മലയാള മനോരമ

TVM ഡെയ്സ്

20 ജനുവരി 2016 ബുധൻ

1191 മകരം 06

metrotvm@mm.co.in

തിരുവനന്തപുരം



സംസ്ഥാന സ്കൂൾ കലോൽസവത്തിലെ മൂകാഭിനയമൽസരത്തിന് ഒരുങ്ങുന്ന വിദ്യാർഥികൾ. ചിത്രം. മനോരമ

# അനന്തം, ആമോദം



കലയുടെ മുദ്രകൾകൊണ്ടു സമ്പന്നമായ നാട് കലാകേരളത്തിന്റെ കൗമാരത്തെ വരവേറ്റത് സ്നേഹത്തിന്റെ മുദ്രകൾകൊണ്ടാണ്. അൻപത്താറാമതു സംസ്ഥാന സ്കൂൾ കലോൽസവം ഇനി 25 വരെ തിരുവനന്തപുരത്തിന്റെ അഭിമാനപ്പൂരം.

**ചമയമണിഞ്ഞും ആഘോഷത്തിന്റെ പട്ടുടുത്തും തലസ്ഥാന നഗരത്തിൽ വീണ്ടും സ്കൂൾ കലോൽസവത്തിന്റെ കമനീയത**

തിരുവനന്തപുരം● ഏഴു വർഷം കഴിഞ്ഞു തലസ്ഥാനത്തെത്തുന്ന സംസ്ഥാന സ്കൂൾ കലോൽസവത്തിന് ഏഴായിരം വർണങ്ങളാൽ സ്വാഗതമോതി കലോൽസവ ഘോഷയാത്ര. വാദ്യമേളക്കാരും കലാകാരൻമാരും വൊളന്റിയർമാരും ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമടക്കം ആയിരങ്ങൾ അണിചേർന്നു. ഘോഷയാത്രയുടെ പിന്നറ്റം ആരംഭസ്ഥലമായ പാളയം സംസ്കൃത കോളജ് പിന്നിടുമ്പോൾ മൂന്നുമണിക്കൂർ കഴിഞ്ഞു. ഘോഷയാത്ര കലോൽസവത്തിന്റെ പ്രധാന വേദിയായ പുത്തരിക്കണ്ടത്തു സമാപിച്ചു. ഘോഷയാത്ര, ഡിജിപി: ടി.പി. സെൻകുമാർ ഫ്ലാഗ്ഓഫ് ചെയ്തു. മന്ത്രി പി.കെ. അബ്ദുറബ്ബ്, കെ.എസ്. ശബരീനാഥൻ എംഎൽഎ, മേയർ വി.കെ. പ്രശാന്ത്, ഡിപിഐ: എം.എസ്. ജയ തുടങ്ങിയവരാണ് ഘോഷയാത്ര നയിച്ചത്.


ജില്ലയിലെ അൻപതിലധികം സ്കൂളിൽ നിന്നുള്ള വിദ്യാർഥികളും അധ്യാപകരും ഘോഷയാത്രയിൽ പങ്കാളികളായി. റെക്കോർഡ് ജേതാവ് ആതിര മുരളിയുടെ നേതൃത്വത്തിൽ 56-ാം കലോൽസവത്തിന്റെ പ്രതീകമായി 56 ബുള്ളറ്റുകൾ പങ്കെടുത്ത ബൈക്ക് റൈഡിങ് ആയിരുന്നു ഏറ്റവും മുൻപിൽ. സൈക്ലിങ്, റോളർ സ്കേറ്റിങ്, പൊലീസ് അശ്വാരൂഢ സേന, ബാൻഡ് മേളം, ആയോധന കലകൾ, നിശ്ചലദൃശ്യങ്ങൾ എന്നിവ മാറ്റേകി. വൈകിട്ടു മൂന്നോടെയാണു ഘോഷയാത്ര ആരംഭിച്ചതെങ്കിലും 'ഉൽസവം' കാണാൻ ഉച്ച മുതൽക്കേ ആളെത്തി.

കലോൽസവത്തിലെ വിവിധരംഗങ്ങളിൽ കർമനിരതരാകേണ്ട വിദ്യാർഥി വൊളന്റിയർ സേന 'ഫെസ്റ്റ് ഫോഴ്സി'ന്റെ വൻപട ആവേശപൂർവം യാത്രയിൽ നിരന്നു. എൻഎസ്എസ്, സ്റ്റുഡന്റ് പൊലീസ് കെഡറ്റ്, എൻസിസി അംഗങ്ങളും പങ്കാളികളായി. മതനിരപേക്ഷതയും പരിസ്ഥിതി സംതുലനവുമാണ് മിക്ക സ്കൂളുകളും ഘോഷയാത്രാ പരിപാടികൾക്കു പ്രമേയമാക്കിയത്.

തലസ്ഥാനജില്ലയിലെ കുട്ടികളാണു ഘോഷയാത്രയിൽ പങ്കെടുത്തതെങ്കിലും ഭൂരിപക്ഷം ജില്ലകളിലെയും, മറ്റു സംസ്ഥാനങ്ങളിലെയും കലാരൂപങ്ങൾ യാത്രയിൽ ഉണ്ടായിരുന്നു. സർക്കാർ ഏജൻസികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സാംസ്കാരിക സംഘടനകൾ, ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകൾ, വ്യാപാരി വ്യവസായി സംഘടനകൾ എന്നിവരുടേതുൾപ്പെടെ നിശ്ചലദൃശ്യങ്ങൾ അണിനിരന്നു. ഘോഷയാത്രയിൽ പങ്കാളികളായ വിദ്യാർഥികൾക്കു വിവിധയിടങ്ങളിൽ ശ്രീമൂലം ക്ലബ്, മിൽമ, ലയൺസ് ക്ലബ്, ട്രിവാൻഡ്രം ക്ലബ്, വ്യാപാരിവ്യവസായിസമിതി എന്നിവ ലഘുഭക്ഷണ വിതരണവും നടത്തി.




## പ്രകൃതിയുടെ മണം, ഓറഞ്ച്



തിരുവനന്തപുരം ● പ്രകൃതിസൗഹൃദ സ്കൂൾ കലോൽസവ ഘോഷയാത്രയ്ക്ക് ഓറഞ്ചിന്റെ മണം. ഘോഷയാത്രയിൽ പങ്കെടുക്കുന്നവർക്കു വെള്ളക്കുപ്പികൾ വിതരണം ചെയ്യുന്നതിനു പകരം ഓറഞ്ചാണു നൽകിയത്. ഒരു ബോട്ടിൽ വെള്ളം വാങ്ങുന്ന കാശുണ്ടെങ്കിൽ ഒരു കിലോയോളം ഓറഞ്ച് കിട്ടുമെന്നതും പ്ലാസ്റ്റിക് മാലിന്യത്തിന്റെ പ്രശ്നമില്ലെന്നുള്ളതും പരിഗണിച്ചാണ് ഓറഞ്ച് നൽകിയത്. ഘോഷയാത്ര തുടങ്ങാൻ ഇത്തിരി വൈകിയെങ്കിലും ഓറഞ്ചിന്റെ ബലത്തിൽ വിദ്യാർഥികൾ പിടിച്ചുനിന്നു. ഘോഷയാത്രയിലെ സൈക്കിൾ സവാരിക്കാരായ കുട്ടികൾ മുന്നിലെ കുട്ടയിൽ ഓറഞ്ചുമായി പോകുന്നതും കണ്ടു.

## അഭിവാദ്യം, വീരൻമാർക്ക്






തിരുവനന്തപുരം ● സംസ്ഥാന സ്കൂൾ കലോൽസവ ഘോഷയാത്രയിൽ ഫ്ളോട്ടുകളുടെ ക്രമത്തിൽ ആദ്യസ്ഥാനം ഭിന്നശേഷി വിദ്യാർഥികൾക്ക്. ഭിന്നശേഷിക്കാർക്കും മറ്റു കുട്ടികൾക്കൊപ്പം വിദ്യാഭ്യാസം നൽകണമെന്ന സന്ദേശവുമായി അവതരിപ്പിച്ച ഫ്ളോട്ട് ആണ് ആദ്യമെത്തിയതും കാഴ്ചക്കാരെ ആകർഷിച്ചതും. തിരുവനന്തപുരം ഐഇഡിഎസ്എസ് ആണ് അവതരിപ്പിച്ചത്. ഭിന്നശേഷിയുള്ളവരെ മാറ്റിനിർത്തി പ്രത്യേക വിദ്യാഭ്യാസം നൽകാതെ സമൂഹത്തിലെ എല്ലാവരെയുമെന്ന പോലെ പരിഗണിക്കണമെന്ന സന്ദേശം നൽകുന്നതായിരുന്നു ഫ്ളോട്ട്. വിവിധതരം ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾ ഫ്ളോട്ടിൽ ലൈവ് ക്ലാസ്സും മാതൃക ഒരുക്കി. നൂറോളം അധ്യാപകരും അണിനിരന്നു.

## ഭിന്നമല്ല, ശേഷി

തിരുവനന്തപുരം ● പത്താൻകോട്ട് ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച ജവാൻമാർക്കു സ്കൂൾ കലോൽസവ ഘോഷയാത്രയുടെ അഭിവാദ്യം.

കഴക്കൂട്ടം ഗവ. എച്ച്എസ്എസിലെ വിദ്യാർഥികളാണു ജീവത്യാഗം ചെയ്ത ജവാൻമാരുടെ ചിത്രങ്ങളേന്തി, കമാൻഡോ വേഷം ധരിച്ചു ഘോഷയാത്രയിൽ അണിനിരന്നത്. മലയാളിയായ ലഫ്. കേണൽ നിരഞ്ജന്റെ ചിത്രമായിരുന്നു മധ്യത്തിൽ. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ളവയുൾപ്പെടെ രാജ്യത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള കലാരൂപങ്ങളും കഴക്കൂട്ടം സ്കൂൾ അവതരിപ്പിച്ചു.

